കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.15/2073/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 21/10/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ:
കെ.എസ്.എ.എം.പി.എം.15/2073/2025

തീയ്യതി: 21/10/2025

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2024 മുതൽ 07-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അശ്റഫ് പെരുമ്പള്ളി	ഡെപ്യൂട്ടി ഡയറക്ടർ	11-08-2025	21-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-08-2025	21-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ഷംസു പുതുമ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. ഫ്രഡി. കെ. എസ്	സെക്രട്ടറി	01-04-2024	12-05-2024
ശ്രീ. അൻവർ. പി. എ	സെക്രട്ടറി	13-05-2024	03-10-2024
ശ്രീ. പ്രശാന്ത്. സി.പി	സെക്രട്ടറി	04-10-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മഞ്ജു. ജി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി റിഷ്ല പുളിക്കൽ	കൃഷി ഓഫീസർ	01-04-2024	10-10-2024
ശ്രീമതി മുഹ്സിന. എം. കെ	കൃഷി ഓഫീസർ	11-10-2024	30-10-2024
ശ്രീമതി റിഷ്ല പുളിക്കൽ	കൃഷി ഓഫീസർ	31-10-2024	31-03-2025
ശ്രീ. അബ്ദുസലാം കട്ടി	ഹെഡ്മാസ്റ്റർ	01-04-2024	31-03-2025
ശ്രീമതി മിൻഷ. എൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025

ശ്രീമതി ഷിജി. എ. എഫ്	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2024	31-03-2025
ഡോ. വന്ദന. ബി. ജെ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
ഡോ. അസ്മിനിത. എ. പി	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീ. അഭിലാഷ്. സി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ജിനി. പി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-01-2024	31-03-2024
ശ്രീ. ഫ്രഡി. കെ. എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	06-09-2024
ശ്രീ. അൻവർ. പി. എ	അസിസ്റ്റന്റ് സെക്രട്ടറി	07-09-2024	03-10-2024
ശ്രീ. പ്രശാന്ത്. സി.പി	അസിസ്റ്റന്റ് സെക്രട്ടറി	04-10-2024	31-03-2025
ഡോ. സലീല കറുത്തേടത്ത്	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.)	01-04-2024	17-10-2024
ശ്രീ. ജാനിഫ്. കെ. എം	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.)	18-10-2024	31-03-2025
ശ്രീമതി സമീറ മഞ്ഞപ്പുലാൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	30-06-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല	1-1-3
5	മുൻകൂർ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക അവലോകനം	1-3
8	ഫണ്ട് വിനിയോഗം(ACR പ്രകാരം)	1-4
9	പദ്ധതി അവലോകനം	1-5
10	തൊഴിലുറപ്പ് പദ്ധതി	1-6
11	ക്ഷേമപദ്ധതികൾ	1-7
12	ക്യാഷ് പരിശോധന	1-8
13	ആഭ്യന്തര നിയന്ത്രണം	1-9
14	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
15	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം	1-11
16	ജൽജീവൻ മിഷൻ പദ്ധതി- അവലോകനം	1-12
17	കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി - വസ്തു നികുതി നഷ്ടം	1-13
18	ടെലികോം ടവറുകളുടെ നമ്പറിങ്, വസ്തു നികുതി - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-14
19	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല	1-15
20	എഫ്.എച്ച്.സി - ആവർത്തനചെലവുകൾ അനുവദിക്കൽ- അപാകത	1-16
21	ട്രാക്കർ കണ്ടം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.	1-17
22	ഹെൽത്ത് ഗ്രാന്റ്- സുലേഖ ചെലവ് സ്റ്റേറ്റുമെന്റും യഥാർത്ഥ ചെലവും തമ്മിൽ വ്യത്യാസം	1-18

23	മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.	1-19
24	മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി	1-20
25	അരികെ പാലിയേറ്റീവ് പദ്ധതി-മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.	1-21
26	ഹോമിയോ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.	1-22
27	ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-23
28	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി	1-24
29	മരാമത്ത് പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് മാനുവലായുള്ള നിരക്ക് നൽകുന്നത് സംബന്ധിച്ച്	1-25
30	പരുത്തിക്കുന്നൻ കുളം നവീകരണം - പ്രവൃത്തിയിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി	1-26
31	പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല	1-27
32	ഹരിത സഹായ സ്ഥാപനത്തിന് ധന സഹായം - അപാകതകൾ	1-28
33	ഫലവൃക്ഷതൈ വിതരണം -അപാകത.	1-29
34	എസ്.എസ്.കെ. വിഹിതം നൽകി- വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.	1-30
35	ജലനിധി പദ്ധതി- വൻ കുടിശ്ശിക ഗ്രാമ പഞ്ചായത്തിന് ബാധ്യതയാകുന്നു.	1-31
36	ആശുപത്രി മാനേജിംഗ് കമ്മിറ്റി- വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.	1-32
37	കുടുംബാരോഗ്യ കേന്ദ്രം- കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല.	1-33
38	ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.	1-34
39	സ്മാർട്ട് അങ്കണവാടികൾ-അപാകത.	1-35
40	ഓണം മുൻകൂർ തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.	1-36
41	ഗ്രാമ പഞ്ചായത്ത് പഴയ വാഹനം ലേലം ചെയ്തിട്ടില്ല.	1-37
42	പരിരക്ഷാ പാലിയേറ്റീവ് കെയർ-വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല	1-38
43	വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല	1-39

44	ലൈഫ് മിഷൻ പദ്ധതി -ഭവനനിർമാണത്തിന് മാർഗ രേഖയ്ക്കു വിരുദ്ധമായി അധികം തുക നൽകി.	1-40
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 13.06.2025 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 27.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 21/10/2025

1-1-1 ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' ആയി രേഖപ്പെടുത്തിയ തുകയും (-28,37,199/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' ആയി രേഖപ്പെടുത്തിയ തുകയും (40,61,786/-) വ്യത്യാസമുണ്ട്.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഹാജരാക്കിയ ആസ്തി രജിസ്റ്റർ റിപ്പോർട്ടിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും വാർഷിക ധനകാര്യ പത്രികയിലെ B11-(E) Annual Plan – Capital Expences (Infrastructure Sector) എന്ന ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ആസ്തിയുടെ മൂല്യങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

1-1-4 മുൻകൂർ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ലെ അഡ്വാൻസ് ഇനങ്ങളിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. അഡ്വാൻസ് തുക കൈപ്പറ്റിയ വ്യക്തി, കൈപ്പറ്റിയ തീയതി, ക്രമീകരിച്ചതിന്റെ വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

1-2 ബജറ്റ്

2023-24ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി	ബജറ്റ് പുതുക്കിയ തീരുമാന നം./തിയ്യതി

1(1)/09.02.2024	1(1)/15.03.2025

1-3 സാമ്പത്തിക അവലോകനം

മുന്നിരിപ്പ്	5,63,57,058
വരവ്	5,87,32,983
ആകെ	11,50,90,041
ചെലവ്	6,15,70,182
നീക്കിയിരിപ്പ്	5,35,19,859

1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് പൊതുവിഭാഗം	0	14195767	14195767	14122311	73456
വികസനഫണ്ട് എസ്.സി.പി.	0	1591829	1591829	1251255	340574
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0
സംരക്ഷണഗ്രാന്റ് റോഡ്	0	9241000	9241000	6226441	3014559
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	7804000	7804000	6251604	1552396
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant)	0	8077177	8077177	5305934	2771243
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant)	0	2709333	2709333	2085734	623599

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
251	116575967	151	60560225	-	100	60.15

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	618407	618407	617922	485
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	2343483	2343483	2343483	0

ഭരണ ചെലവുകൾ എന്ന ഫണ്ടിലെ വരവിൽ 12,130/- രൂപ പലിശയും ചെലവിൽ 11,645/- രൂപ പലിശ സർക്കാരിലേക്ക് തിരിച്ചടച്ചതും ഉൾപ്പെടുന്നു.

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	595400	36
വിധവാപെൻഷൻ	12654200	840
വാർദ്ധക്യകാലപെൻഷൻ	27284800	1859
വികലാംഗപെൻഷൻ	4860600	336
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	188800	12

വിവാഹ ധനസഹായം	30000	1

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.08.2025 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,400/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ചുവടെ ചേർത്തിട്ടുള്ള പോരായ്മകൾ ശ്രദ്ധിക്കപ്പെട്ടു.
1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)). ആയത് പാലിച്ചിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കിയിട്ടില്ല.
3. തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം (എണ്ണം, ഇനം, ലൊക്കേഷൻ) കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിലേക്ക് വൻ കുടിശ്ശിക അടവാക്കാനവശേഷിക്കുന്നു.
5. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് എന്ന നിയമപരമായ ഉത്തരവാദിത്വം നിറവേറ്റുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയ്യതി
പെർഫോമൻസ് ഓഡിറ്റ്	19.10.2022	07/2022 – 09/2022	19.10.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	21.07.2008 മുതൽ 02.08.2008 വരെ	ഒക്ടോബർ 2000 മുതൽ 2007-08 വരെ	28.08.2008

1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

പെരുമണ്ണക്ലാരി ഗ്രാമ പഞ്ചായത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച

തുകകളുടെയും വിവരങ്ങൾ ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. 3/11.08.25 നമ്പർ ഓഡിറ്റ് എൻകപയറി നൽകിയതിനെ തുടർന്ന് സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെയും വിവരങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

2021-22 മുതൽ നാളിതു വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം

വർഷം	സ്കീം-1	സ്കീം-3	സ്കീം-4	ആകെ
2021-22				346447
2022-23	NIL	236447	110000	1339000
2023-24	NIL	945000	394000	1023000
2024-25	NIL	395000	628000	2708447
ആകെ		1576447	1132000	
പലിശയുൾപ്പെടെ 31-3-2025 ന് അക്കൗണ്ടിലുള്ള ബാലൻസ്		877902	867316	

ഓരോ സ്കീമിലും നാളിതു വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

വർഷം	സ്കീം-1 Health Grant Towards Buildingless Subcenters, PHCs & CHCs	സ്കീം-3 Health Grant Towards Support For Diagnostic Infrastructure To The PHCs	സ്കീം-4 Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres	ആകെ
2021-22				
2022-23		218816	98351	317167
2023-24		54492	69390	123882
2024-25		358927	107228	466155
ആകെ		632235	274969	907204

നാളിതു വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം.

വർഷം	പ്രോജക്ട് നം.	പദ്ധതിയുടെ പേര്	ചെലവ് തുക	റിമാർക്സ്

2022-23	174/23	രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	218816	സ്കീം-3
2022-23	175/23	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	98351	സ്കീം-3
2023-24	163/24 (2022-23 സ്പിൽ ഓവർ പ്രോജക്ട്)	രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	17607	സ്കീം-3
2023-24	164/24 (2022-23 സ്പിൽ ഓവർ പ്രോജക്ട്)	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	11476	സ്കീം-4
2023-24	198/24	രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	36885	സ്കീം-3
2023-24	199/24	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	57914	സ്കീം-4

2024-25	229/25 (2023-24 സ്പിൽ ഓവർ പ്രോജക്ട്)	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	107228	സ്കീം-4
2024-25	230/25 (2023-24 സ്പിൽ ഓവർ പ്രോജക്ട്)	രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	358927	സ്കീം-3, (സുലേഖ ചെലവ് സ്റ്റേറ്റ്മന്റിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല)
2024-25	283/25	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കല്		സ്കീം- 4ൽ ഉൾപ്പെടുത്തി 628000 രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയെങ്കിലും തുക ചെലവഴിച്ചിട്ടില്ല.
2024-25	284/25	രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ		സ്കീം- 3 ൽ ഉൾപ്പെടുത്തി 395000 രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയെങ്കിലും തുക ചെലവഴിച്ചിട്ടില്ല.

കെട്ടിടമില്ലാത്ത ആരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്കീം-1 പ്രകാരമുള്ള ഗ്രാന്റ് ഗ്രാമ പഞ്ചായത്തിന് നാളിതു വരെ ലഭിച്ചിട്ടില്ല.

ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി

ദിനം പ്രതി 300 ഓളം രോഗികൾ MORNING & Evening ഒ.പി.യിലായി കുടംബാരോഗ്യ കേന്ദ്രത്തിൽ ചികിത്സക്കായി എത്തുന്നുണ്ട്. 3 ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നുണ്ട്. ലാബ് സൗകര്യവുമുണ്ട്. എന്നാൽ നിലവിൽ കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലായതിനാൽ ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുക രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രി സേവനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായി

ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ലെന്ന് ഓഡിറ്റ് വേളയിൽ മെഡിക്കൽ ഓഫീസറിൽ നിന്നും വിവരം ലഭ്യമായി. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലാണ് ഫണ്ട് ലഭിക്കുന്നത് എന്നതും ഫണ്ട് ചെലവഴിക്കാൻ കഴിയാതെ വരുന്നതിന് കാരണമാകുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ യും ഇടപെടലും ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

1-12 ജൽജീവൻ മിഷൻ പദ്ധതി- അവലോകനം

2024 വർഷത്തോടു കൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% ഗ്രാമപഞ്ചായത്തും 10% ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി . പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് , ജലനിധി എന്നിവയിലേതെങ്കിലും ഒരു നിർവ്വഹണ ഏജൻസിയെ അതാത് ഗ്രാമ പഞ്ചായത്തിന് തെരെഞ്ഞെടുക്കാവുന്നതാണ്. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും നിർവ്വഹണ ഏജൻസിക്കു കൈമാറി പദ്ധതി പ്രകാരമുള്ള വ്യക്തിഗത കണക്ഷനുകൾ ലഭ്യമാക്കാവുന്നതാണ്. ജലജീവൻമിഷൻ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (02/24-25/11.08.2025) പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിൽ നാളിതുവരെയായി ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്നും ഗ്രാമപഞ്ചായത്തിലെ 15.09.2021 തിയ്യതിയിലെ 9(2) ഭരണസമിതി തീരുമാനം, 19.11.2022 ലെ 13(1) ഭരണ സമിതി തീരുമാനം എന്നിവ പ്രകാരം ജലജീവൻമിഷൻ പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

1-13 കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി - വസ്തു നികുതി നഷ്ടം

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023 തീയതിയിലെ സ.ഉ.(അച്ചടി) നം. 25/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി 30.09.2023 ന് പുറപ്പെടുവിച്ച S2-3108/2023 നം. അന്തിമ വിജ്ഞാപന പ്രകാരം ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൽ വിവിധ ഉപയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി താഴെ പറയും പ്രകാരം നിർണയിച്ചിട്ടുണ്ട്.

ക്രമ നം.	ഉപയോഗ ക്രമം	വസ്തു നികുതി നിരക്ക്

1	പാർപ്പിടാവശ്യം - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച. മീ. വരെയുള്ളവ	6
2	പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ	8
3	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	55
4	വാണിജ്യാവശ്യം - 100 ച. മീ. മുകളിൽ 500 ച. മീ. വരെയുള്ളവ	65

സഞ്ചയ സോഫ്റ്റ്വെയറിലെ ന്യൂബിൽഡിങ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി നിർണയിച്ചതായി കാണപ്പെട്ടു. ഇത് കാരണം 2024-25 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന വസ്തു നികുതി ഈടാക്കിയതിൽ താഴെ പറയും പ്രകാരം കുറവ് വന്നതായി കാണപ്പെട്ടു.

ക്രമ നം.	കെട്ടിട നം.	തറ വിസ്തീർണം (ച.മീ.) (A)	തെറ്റായി രേഖപ്പെടുത്തിയ ഉപയോഗ ക്രമം	നികുതി നിരക്ക് (2024-25) (B)	യഥാർത്ഥ ഉപയോഗ ക്രമം	നികുതി നിരക്ക് (2024-25) (C)	ഈടാക്കിയ നികുതിയിലെ കുറവ് (C-B)*A
1	13/467A	346.37	പാർപ്പിടാവശ്യം - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച. മീ. വരെയുള്ളവ	6.3	പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ	8.4	727.37
2	7/290 S*	218.92	വാണിജ്യാവശ്യം- 100 ച. മീ. വരെയുള്ളവ	52.5	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	63	2298.66
3	14/40 H	120.08	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,	57.75	വാണിജ്യാവശ്യം - 100 ച. മീ. മുകളിൽ 500 ച. മീ. വരെയുള്ളവ	68.25	1260.84

			റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ				
	ആകെ						4286.87

* കെട്ടിടം വസ്തു നികുതി പരിഷ്കരണത്തിന് മുൻപുള്ളതായതിനാൽ പഴയ നിരക്കും പഴയ കെട്ടിട ഉപയോഗക്രമവുമാണ് ബാധകം

വസ്തു നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം 2024-25 മുതൽ ഓരോ വർഷവും അടിസ്ഥാന വസ്തു നികുതി നിരക്കിൽ 5% വർദ്ധനവ് വരുത്തേണ്ടതുണ്ട്. ആയതിനാൽ 2023-24 ലെ നികുതി പരിഷ്കരണം പ്രകാരം നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതി നിരക്കിൽ 5% വർദ്ധനവ് വരുത്തിയാണ് 2024-25 ലെ അടിസ്ഥാന വസ്തു നികുതി നിരക്ക് തിട്ടപ്പെടുത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 6/2024-25 തീ. 11.08.2025) മറുപടിയായി ആവശ്യമായ മാറ്റങ്ങൾ കെ-സ്മാർട്ടിൽ വരുത്തുന്നതാണ് എന്ന വിവരം അറിയിച്ചു. മേൽ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം ശരിയായി രേഖപ്പെടുത്തി ചട്ടപ്രകാരമുള്ള വസ്തു നികുതി കുടിശ്ശികയടക്കം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 ടെലികോം ടവറുകളുടെ നമ്പറിങ്, വസ്തു നികുതി - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023 തീയതിയിലെ സ.ഉ.(അച്ചടി) നം. 25/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി 30.09.2023 ന് പുറപ്പെടുവിച്ച S2-3108/2023 നം. അന്തിമ വിജ്ഞാപന പ്രകാരം ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൽ മൊബൈൽ ടെലിഫോൺ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 600/- രൂപ നിരക്കിൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്.

2015-16 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരമുള്ള ചില ടെലികോം ടവറുകളുടെ വിവരങ്ങൾ താഴെ നൽകുന്നു.

ക്രമ നം	രജിസ്റ്ററിലെ ക്രമ നം.	ഇൻവാർഡ് നം.	സർവ്വേ നം., വാർഡ് നം.	അപേക്ഷകന്റെ/ കമ്പനിയുടെ പേര്	പെർമിറ്റ് / ഇന്റിമേഷൻ വിവരങ്ങൾ
1	64/2015-16	3805/15 തീ. 19.10.2015	സ.നം. 421/5, വാർഡ് 11	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി	പെർമിറ്റ് നം. 64/2015-16 തീ. 20.01.2017, കാലാവധി: 19.01.18 വരെ. നിർമ്മാണം പൂർത്തീ

					കരിച്ചതിന്റെ വിവരം ലഭ്യമല്ല.
2	155/2018-19	5298/18 തീ. 11.12.2018	സ. നം. 243/5, വാർഡ് 12	ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ്, കൊച്ചി	പെർമിറ്റ് നം. E2-3A (3 2607)/19 തീ. 13.02.2019. കാലാവധി: 12.02.20 വരെ നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല.
3	6/2020-21	1595/20 തീ. 18.06.2020	സ. നം. 273/3-17, വാർഡ് 11	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി	പെർമിറ്റ് നം. E2-1595/20 തീ. 10.07.2019. കാലാവധി: 12.02.20 വരെ നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല.
4	118/2023-24	7446/23 തീ. 07.11.2023	ലഭ്യമല്ല	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി	ഇന്റിമേഷൻ തീയതി – 07.11.2023. നിർമാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.
5	154/2023-24	8069/23 തീ. 07.12.2023	സ. നം. 273/3-17, വാർഡ് 11	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി	ഇന്റിമേഷൻ തീയതി – 07.12.2023. നിർമാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.
6	168/2023-24	8450/23 തീ. 21.12.2023	സ. നം. 106/4-35 വാർഡ് 9	സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, കൊച്ചി	ഇന്റിമേഷൻ തീയതി – 21.12.2023. നിർമാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.
7	38/2024-25	2385/24 തീ. 25.05.2024	സ. നം. 26/8-8 വാർഡ് 2	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി	ഇന്റിമേഷൻ തീയതി – 25.05.2024. നിർമാണം

					പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.
8	73/2024-25	3341/24 തീ. 24.07.2024	സ. നം. 337/5-9 വാർഡ് 8	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി	ഇന്റിമേഷൻ തീയതി – 24.07.2024. നിർമാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.
9	161/2024-25	4840 തീ. 05.11.2024	സ. നം. 206/1 വാർഡ് 5	അസന്റ് ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി	ഇന്റിമേഷൻ തീയതി – 05.11.2024. നിർമാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.
10	230/2024-25	577/25 തീ. 30.01.2025	സ.നം. 422/4-45 വാർഡ് 9	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി	ഇന്റിമേഷൻ തീയതി – 30.01.2025. നിർമാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

മേൽപ്പറഞ്ഞ ടെലികോം ടവറുകൾക്ക് പ്രസ്തുത തീയതികളിൽ പെർമിറ്റ്/ഇന്റിമേഷൻ അനുവദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അവയുടെ പൂർത്തീകരണം, നമ്പറിങ്, വസ്തു നികുതി നിർണയം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ടവറുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ശേഖരിച്ച് ലഭ്യമാക്കേണ്ടതാണ്. പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവക്ക് നമ്പർ നൽകി ചട്ട പ്രകാരമുള്ള വസ്തു നികുതി കുടിശ്ശികയടക്കം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻകുയറിക്ക് (നം. 29/2024-25 തീ. 19.08.2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-15 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ നേടി പഞ്ചായത്തുമായി കരാർ പത്രം ചമച്ചിട്ടുള്ള കരാറുകാരിൽ 2024-25 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. . (അസി. എൻജിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം)

ക്രമ നം.	കോൺട്രാക്ടറുടെ പേര്	അർദ്ധ വർഷം
1	മുഹമ്മദ് കുട്ടി	I & II

2	നാരായണൻ കെ.സി.	I & II
3	അക്ബർ കെ.പി.	I & II
4	കുഞ്ഞിമൊയ്തീൻ സി.പി.	I & II
5	അജയ് കുമാർ കെ.കെ.	I & II
6	മുഹമ്മദ് ഫൈസൽ പി.എം.	I & II
7	ഹർഷ കെ.	I & II
8	ഷിജു കാടാഞ്ചിറ	I & II
9	റഷീദ്	I & II
10	ജാബിർ ജസീം. പി	I & II
11	ഷാഹുൽ ഹമീദ് പി.കെ.	I & II

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (നം. 41/2024-25 തീ. 21.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 എഫ്.എച്ച്.സി - ആവർത്തനചെലവുകൾ അനുവദിക്കൽ- അപാകത

പ്രോജക്ട്- പി.എച്ച്.സി. വാടക/ ആവർത്തനച്ചെലവുകൾ അനുവദിക്കൽ

പ്രോജക്ട് നമ്പർ- 45/25

അടങ്കൽ- 260000

ഫണ്ടിനം- റോഡിതര മെയിന്റനൻസ് ഗ്രാന്റ്

ചെലവ് തുക- 120899

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി മെഡിക്കൽ ഓഫീസർ (എഫ്.എച്ച്. സി)നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

പദ്ധതി പ്രകാരം 40478 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചതിൽ (ബിൽ റഫറൻസ് നം. 241517520376016805 64/24.3.2025) 3500 രൂപ 1/24 മുതൽ 7/24 വരെയുള്ള കാലയളവിലെ ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിനായി (500*7= 3500) ശ്രീ. രവീന്ദ്രൻ അത്തോളി എന്നയാൾ കൈപറ്റിയിട്ടുണ്ട്. എന്നാൽ 1/24 മുതൽ 5/24 വരെയുള്ള കാലയളവിലെ റിട്ടേൺ ഫയൽ ചെയ്യുന്നതിന് 6.8.2024 ന് ടി- യാൻ 2500 രൂപ കൈപറ്റിയിട്ടുണ്ട്.
(ബിൽ റഫറൻസ് നം. 241517520376005065 62/6.8.2024). ഇക്കാരണത്താൽ 2500 രൂപ അധികം ചെലവ് വന്നിട്ടുണ്ട്.

ഓഡിറ്റ് എൻകപയറി നമ്പർ- 19/2024-25/16.8.2025 നുള്ള മറുപടിയിൽ ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്നതിന് എല്ലാ മാസവും ശ്രീ. രവീന്ദ്രൻ അത്തോളി എന്നയാളെയാണ് ഏൽപിച്ചിരുന്നതെന്നും അദ്ദേഹത്തിന്റെ ഓഫീസിൽ നിന്ന് തന്ന ബില്ലുകളിലെ തിയതികളിൽ വന്ന പിശകാണ് 2500 രൂപ അധികം നൽകാനിടയായതെന്നും അറിയിച്ചിട്ടുണ്ട്. 2025 ജനുവരി

മുതൽ 2025 ജൂലൈ വരെയുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ തുക ഇതു വരെ നൽകിയിട്ടില്ലെന്നും ടി തുക നൽകുമ്പോൾ നേരത്തെ അധികം നൽകിയ 2500 രൂപ ക്രമീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ബിൽ വിവരങ്ങൾ പരിശോധിച്ച് മാത്രം തുക അനുവദിക്കേണ്ടതും അധികം നൽകിയ 2500 രൂപ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-17 ട്രാക്ടർ കണ്ടം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

2003-2004 വർഷം ജനകീയാസൂത്രണ പദ്ധതി പ്രകാരം വാങ്ങി പാലച്ചിറമാട് പാടശേഖരത്തിന് കൈമാറിയ ട്രാക്ടറിന്റെ നിലവിലെ അവസ്ഥയും ട്രാക്ടറിന്റെ വരവ് ചെലവു കണക്കുകളും ആവശ്യപ്പെട്ടു കൊണ്ട് കൃഷി ഓഫീസർ 22/02/2025 ലെ PKL 64/24-25 നമ്പർ പ്രകാരം നോട്ടീസ് നൽകിയിരുന്നു. കഴിഞ്ഞ 8 വർഷത്തോളമായി ട്രാക്ടർ ഉപയോഗമില്ലാതെ ദ്രവിച്ചു കിടപ്പുണ്ടെന്നും ആയത് കണ്ടം ചെയ്ത് ഒഴിവാക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടു പോകാൻ സമിതി തീരുമാനിച്ചിട്ടുണ്ടെന്ന് പാലച്ചിറമാട് പാടശേഖരസമിതി സെക്രട്ടറിയുടെ 02/03/2025 ലെ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ട്രാക്ടർ കൃഷി ഓഫീസർ നേരിട്ട് പരിശോധന നടത്തിയിരുന്നു. ട്രാക്ടറിന്റെ പല ഭാഗങ്ങളും തുരുമ്പെടുത്ത് ഇല്ലാതായിട്ടുണ്ടെന്നും, നന്നാക്കി ഉപയോഗിക്കാൻ കഴിയാത്ത വിധം ഇത് നശിച്ചിട്ടുണ്ടെന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ടെന്ന് കൃഷി ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 15.3.2025 ലെ 5/1 നമ്പർ തീരുമാന പ്രകാരം പാലച്ചിറമാട് പാട ശേഖരത്തിന് അനുവദിച്ച ട്രാക്ടർ കണ്ടം ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിന് കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു.

ഇത് സംബന്ധിച്ച് തുടർ നടപടി വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ- 36/2024-25/ 19.8.2025 നൽകിയിരുന്നു. ആയതിനുള്ള മറുപടിയിൽ ഭരണ സമിതിയുടെ തീരുമാനം 1.5.2025 ലെ 40091420250313130405607 നമ്പർ കത്തിലൂടെ കൃഷി ഓഫീസറെ അറിയിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കി. ഇത് സംബന്ധിച്ച് എക്സിറ്റ് മീറ്റിംഗിൽ വിവരം ആരാഞ്ഞതിന് ട്രാക്ടറിന് വാല്വേഷൻ ലഭിക്കുന്നതിന് മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് കത്ത് നൽകിയിട്ടുള്ള വിവരം കൃഷി ഓഫീസർ അറിയിച്ചു.

തുടർ നടപടികൾ പൂർത്തീകരിച്ച് ട്രാക്ടർ കണ്ടം ചെയ്ത വിവരം അറിയിക്കേണ്ടതാണ്.

1-18 ഹെൽത്ത് ഗ്രാന്റ്- സുലേഖ ചെലവ് സ്റ്റേറ്റുമെന്റും യഥാർത്ഥ ചെലവും തമ്മിൽ വ്യത്യാസം

2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി സ്കീം-3 പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു. ആയത് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

പ്രോജക്ടിന്റെ പേരും നമ്പരും	സുലേഖ പ്രകാരമുള്ള ചെലവ്	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്	വ്യത്യാസം
രോഗ നിർണ്ണയ സൗകര്യങ്ങൾ	272162	358927	86765

ഏർപ്പെടുത്തൽ പ്രോജക്ട് നം. 230/25			

വ്യത്യാസത്തിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകപയറി നമ്പർ- 24/2024-25/ 16.8.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-19 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, നിർവഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ നാളിതു വരെ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേരും നമ്പരും	മുൻകൂർ നൽകിയ തുക/ പ്രഫോർമ ഇൻവോയ്സ്	ബിൽ റഫറൻസ് നം.	മരുന്ന് ലഭ്യമായതിന്റെ വിവരം	
			ഇൻവോയ്സ് നം.	തുക
പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് നം. 9/25 അടങ്കൽ- 850000 ചെലവ് - 847822	35000/ PRF 4389/15.3.2025	24151752037601597506/ 19.3.2025	ലഭ്യമായിട്ടില്ല.	
	300000 PRF 2012/14.11.2024	24151752037600970779/ 2.12.2024	2042/27.2.25	75731
			282/28.4.25	33600
			359/7.5. 25	77033
			942/16.6. 25	22972
			ആകെ ലഭിച്ചത്	209336
			ലഭിക്കാനുള്ളത്	90664
	400000/ PRF 587/15.7.2024	24151752037600506558/ 6.8.2024	1159/26.11.24	5373
			1196/2.12.24	56000
			1433/6.1.25	96306
			1656/22.1.25	22890
			1992/24.2.25	100873
			149/19.4.25	49715
			ആകെ ലഭിച്ചത്	331157
			ലഭിക്കാനുള്ളത്	68843

പരിരക്ഷാ പാലിയേറ്റീവ് കെയർ പ്രോജക്ട് നം. 12/25 അടങ്കൽ- 850000 ചെലവ് - 718047	166958/ PRF 664/20.7.2024	241517520376007510 19/ 7.10.2024	1708/31.1.25	3680
			2036/27.2.25	48145
			46/8.4.25	31863
			ലഭിച്ചത്	83688
			ലഭിക്കാനുള്ളത്	83270

മൊത്തം 2 പ്രൊജക്ടുകളിലായി 4 പ്രഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള 2,77,777 രൂപയുടെ (35000+90664+68843+83270) മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ- 17/2024-25/16.8.2025 ന് മേൽ മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും ലഭിക്കുന്നമുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. 2,77,777 രൂപയുടെ (35000+90664+68843+83270) മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-20 മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ തിരിച്ചടവാക്കി.

പ്രവൃത്തി	അപാകത	ഓഡിറ്റ് അന്വേഷണം നമ്പർ	തിരിച്ചടവാക്കിയ തുക	രസീത് നമ്പർ
എം സി എഫിനു ഒന്നാം നില നിർമ്മാണം (224/25)	നെയിം ബോർഡ് സ്ഥാപിക്കാതെ നെയിം ബോർഡ് സ്ഥാപിച്ചതിന് തുക നൽകി	33/24-25/19.8.25	3086	R-G101208-25001921/ 20.8.25
എസ് സി കോളനിയിൽ ചുറ്റുമതിൽ നിർമ്മാണം (221/25)	പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ	23/24-25/16.08.2025	1096	R-G101208-25001924/ 20.8.25
എ എം എൽ പി എസ് മുള്ളൻമട റോഡ് റീ കോൺക്രീറ്റിംഗ് രണ്ടാം ഘട്ടം (174/25)	പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ	23/24-25/16.08.2025	302	R-G101208-25001920/ 20.8.25

പൊതുകുളങ്ങളുടെ സംരക്ഷണം (191/25)	തെറ്റായ നിരക്ക് നൽകിയതിനാൽ വന്ന അധിക ചെലവ്	17/24-25/16.08.2025	2621	R-G101208-25001922/ 20.8.25

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 അരികെ പാലിയേറ്റീവ് പദ്ധതി-മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

പ്രൊജക്ട്	72/2025, അരികെ പാലിയേറ്റീവ് പദ്ധതി
ഫണ്ട്/അടങ്കൽ	വികസന ഫണ്ട് ജനറൽ-188000
ചെലവ്	വികസന ഫണ്ട് ജനറൽ-188000
ബിൽ റഫറൻസ് നമ്പർ / തിയ്യതി	241517520381012672 25/3.02.2025 RS 188000
നിർവ്വഹണം	മെഡിക്കൽ ഓഫീസർ (ആയുർവേദം)
പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി	PRF223599/23.11.2024 ,RS 188000

മേൽ പ്രൊജക്ട് പ്രകാരം പാലിയേറ്റീവ് പദ്ധതിക്ക് മരുന്ന് വാങ്ങുന്നതിന് ഔഷധി തൃശ്ശൂരിന് 188000 രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ 173675/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മരുന്ന് ലഭിച്ചതിന്റെ വിവരം	
ഇൻവോയ്സ് നമ്പർ/ തിയ്യതി	തുക
90383165/31.03.2025	33989
90387407/31.06.2025	139686
ആകെ	173675

14325/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകപയറി നമ്പർ 13/16.08.2025ന് മറുപടിയായി മരുന്ന് ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ സഹിതം പരിശോധനയ്ക്കായി അറിയിക്കേണ്ടതാണ്.

1-22 ഹോമിയോ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

പ്രൊജക്ട്	82/2025, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
ഫണ്ട്/അടങ്കൽ	നോൺ റോഡ്-200000
ചെലവ്	നോൺ റോഡ്-200000
ബിൽ റഫറൻസ് നമ്പർ / തിയ്യതി	24151752038100975673/3.12.2024 RS 200000
നിർവ്വഹണം	മെഡിക്കൽ ഓഫീസർ (ആയുർവേദം)
പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി	PRF530/06.11.2024, RS 200000

മേൽ പ്രൊജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് ഹോംകോക്ക് 200000 രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ 168166 /- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മരുന്ന് ലഭിച്ചതിന്റെ വിവരം	
ഇൻവോയ്സ് നമ്പർ/ തിയ്യതി	തുക
LF-752/12.07.2025	26674
LF-2453/06.02.2025	97258
LF-2780/04.03.2025	44234
ആകെ	168166

31834/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറി നമ്പർ 14/16.08.2025ന് മറുപടിയായി മരുന്ന് ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ സഹിതം പരിശോധനയ്ക്കായി അറിയിക്കേണ്ടതാണ്.

1-23 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ. നിർവ്വഹണം നടത്തിയ ലൈഫ് ഭവന നിർമ്മാണത്തിനായി കരാർ വെച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ക്രമനമ്പർ	ഗുണഭോക്താവ്	ആദ്യഗഡു കൈപ്പറ്റിയ വർഷം	നാളിതുവരെയായി കൈപ്പറ്റിയ തുക	അവസാന ഗഡു കൈപ്പറ്റിയ തിയ്യതി

1	ശ്രീമതി കല്ല്യാണി W/O പ്രഭാകരൻ, മറക്കൽ(ഹൗസ്)	22-23	350000	12.09.2023
2	ശ്രീമതി കുറംബ ചെങ്ങണക്കാട്ടിൽ, W/O ചാത്തുണ്ണി(LAte)	21-22	350000	24.08.2022
3	ശ്രീ സജീവ്, S/O കൃഷ്ണൻ പരപ്പേരിപ്പറമ്പിൽ	22-23	350000	12.05.2023
4	ശ്രീമതി കാർത്ത്യായനി W/O വേണു ഗോപാൽ, കരുനെച്ചിപ്പടി	23-24	319000	24.03.2025

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നമ്പർ 28/18.08.2025ന് മറുപടിയായി ക്രമ നമ്പർ 1,2,3 ഗുണഭോക്താക്കൾ 3 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും ക്രമ നമ്പർ 4 ഗുണഭോക്താവിനോട് ഒരുമാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി

പ്രൊജക്ട് നമ്പർ	127/25
പ്രൊജക്ടിന്റെ പേര്	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ജനറൽ.
അടങ്കൽ തുക	2750000
ചെലവഴിച്ച തുക	1573910/- രൂപ (വികസന ഫണ്ട് - ജനറൽ) 720000/- രൂപ (ബ്ലോക്ക് പഞ്ചായത്ത്) 120000/- രൂപ (ജില്ലാ പഞ്ചായത്ത്)
നിർവ്വഹണ ഉദ്യോഗസ്ഥൻ.	ഐ.സി.ഡി.എസ് സൂപ്പർവൈസർ

2024-25 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 7.1.6 ബി പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി അനുവദിക്കാവുന്ന ധനസഹായം 28,500/- രൂപയാണ്. എന്നാൽ മുഹമ്മദ് നസീം.ടി, S/O നിസാമുദ്ധീൻ, തോട്ടത്തിൽ ഹൗസ് ,കുറുക (പി.ഒ) എന്ന കുട്ടിക്ക് 51000/- രൂപ താഴെ ചേർത്തിട്ടുള്ള പ്രകാരം അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ബിൽ നമ്പർ / തീയതി	അനുവദിച്ച തുക
1	241517520378010390711/ 16.12.2024	19500
2	24151752037801104117/ 26.12.2024	19500
3	24151752037801155323/ 03.01.2025	6000
4	24151752037801488217/ 10.03.2025	3000/-
5	24151752037801488222/ 10.03.2025	3000
ആകെ		51000/-

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറി നമ്പർ 11/14.08.2025ന് മറുപടിയായി അധികമായി അനുവദിച്ച 22500 രൂപ 2025-26 സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പ് തുകയിൽ കുറവ് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-25 മരാമത്ത് പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് മാനുവലായുള്ള നിരക്ക് നൽകുന്നത് സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ശരാശരി 1 മീറ്റർ വീതിയിലും ആഴത്തിലും മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2024-25 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ മനുഷ്യ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്ര.ന	പ്രവൃത്തി	നീക്കം ചെയ്ത മണ്ണിന്റെ അളവ്
1	ഭായിപ്പടി അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് (158/25) Price Id 62127/2023	9.6860 M^3
2	ചെനപ്പുറം - വെള്ളരിക്കുളം റോഡ് റീടൈനിംഗ് വാൾ നിർമ്മാണം (195/25) Price Id 78115/2023	10.275 M^3

പ്രവൃത്തികളിൽ മാനുവൽ (യന്ത്രങ്ങൾ ഉപയോഗിക്കാതെ മനുഷ്യ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി) ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദനീയമായത്.

MoRD Code 3.5.2 Or 3.5.3 -പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള യന്ത്രങ്ങൾ/ ഉപകരണങ്ങൾ സൈറ്റിൽ ഉപയോഗിക്കാൻ കഴിയില്ലെങ്കിൽ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ഉപയോഗിക്കുന്ന JCB/ Hitachi എന്നിവ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. മണ്ണ് നീക്കം ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ അധിക നിരക്കിലുള്ള ഇനം ഉൾപ്പെടുത്തിയതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (22/24-25/16.08.2025) ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നമ്പർ 1 പ്രവൃത്തിയിൽ മണ്ണ് നീക്കം ചെയ്യുന്നതിനായി അനുവദിച്ച അധിക തുക (3559/- രൂപ) തിരിച്ചടവാക്കുന്നതാണെന്നും ക്രമ നമ്പർ 2 പ്രവൃത്തിയിൽ, സൈറ്റിലെ സാഹചര്യങ്ങൾ കാരണം മാനുവൽ രീതിയിൽ തന്നെയാണ് മണ്ണ് നീക്കം ചെയ്തിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. മറുപടിയുടെ അടിസ്ഥാനത്തിൽ തുക തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-26 പരുത്തിക്കുന്നൻ കുളം നവീകരണം - പ്രവൃത്തിയിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി

പ്രോജക്റ്റ് നം.	170/25 കുളങ്ങളുടെ സംരക്ഷണം
കരാർ	5/AE/LSGD/PMKY/21-22/03.08.2021
T S	LSGD/CELSGD/EST_TS/109177/2022_5_1_1/ 08.02.23
അടങ്കൽ/ ഫണ്ട്	3,50,000 / ധനകാര്യകമ്മീഷൻ അവാർഡ്
ചെലവ്/ വൗച്ചർ	Rs.350000/- ബിൽ നമ്പർ - 241517520375003873 24/09.07.2024
കരാറുകാരൻ	ശ്രീ യു.കെ അൻവർ
എം ബുക്ക്	153/2023
എസ്റ്റിമേറ്റ് നമ്പർ	2021/2990 (DSR2016 – Cost Index 31.06%)

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രവൃത്തിയിൽ പരുത്തിക്കുന്നൻ കുളം സംരക്ഷത്തിനായി മൂന്നു വശങ്ങളിലും സംരക്ഷണഭിത്തി നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പ്രവൃത്തിയുടെ ഭാഗമായി ഇനം 5 പ്രകാരം 22.143 M^3 മണ്ണ് നീക്കം ചെയ്തതിന് Spec Code 2.8.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. (ഇതിന് തുക നൽകിയപ്പോൾ 21.956 M3 ലേക്ക് ലിമിറ്റ് ചെയ്തിട്ടുണ്ട്.) മണ്ണ് 1.7 മീറ്റർ വീതിയിൽ ആണ് നീക്കം ചെയ്തിട്ടുള്ളത്. മണ്ണ് നീക്കം ചെയ്തതിന്റെ വീതി 1.5 മീറ്ററിനേക്കാൾ കൂടുതൽ ആയതിനാൽ Spec Code 2.6.1 പ്രകാരമുള്ള നിരക്കാണ് അനുവദിനീയമായത്. അധിക ചെലവ് ചുവടെ ചേർക്കുന്നു.

നൽകിയ തുക (Spec Code 2.8.1 പ്രകാരം 218.08/M^3 & Tender Variation -Nil)	നൽകാവുന്ന തുക (Spec Code 2.6.1 പ്രകാരം 165.07/M^3 & Tender Variation - Nil)	അധികം

4788.16/- (21.956 M^3 * 218.08/ M^3)	3624.27/- (21.956 M^3 * 165.07/ M^3)	1373.39 (1163.89+18%)

കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (30 /24-25/18.08.2025) പ്രവൃത്തി എടുത്ത കരാറുകാരന് തുക തിരിച്ചടവാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും അടവാക്കുന്ന മുറക്ക് അറിയിക്കുന്നതാണെന്നും മറുപടി നൽകി. തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും നഷ്ട തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-27 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ്എഞ്ചിനീയർ.

കേരള PWD മാനവൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിതു എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിർദ്ദിഷ്ട സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽ മൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാനവലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1)

കേരള പൊതു മരാമത്ത് മാനവലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ആദ്യ തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും രണ്ടാം തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. ഇങ്ങനെ അനുവദിക്കുന്നത പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടുള്ളതുമല്ല. പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന വ്യവസ്ഥ ചെയ്യുന്നുണ്ട്.

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

കാലയളവ്	പിഴ
ആദ്യ വർദ്ധന (First Extension)	PAC യുടെ 1% (മിനിമം 1000 , പരമാവധി 50000)
തുടർന്നുള്ള വർദ്ധന (Beyond First Extension)	PAC യുടെ 2% (മിനിമം 2000 , പരമാവധി 100000)

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ/നിയമപരമായ കാരണം കൊണ്ടല്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

ക്ര.നം	പ്രവൃത്തി	സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്	പൂർത്തീകരണ കാലാവധി	പൂർത്തീകരിച്ചത്	ഈടാക്കേണ്ടപിഴ
1	കുളങ്ങളുടെ സംരക്ഷണം പ്രോജക്റ്റ് നമ്പർ - 170/25 അടങ്കൽ തുക 3,50,000 ഫണ്ട് - ധനകാര്യകമ്മീഷൻ അവാർഡ് കരാറുകാരൻ - ശ്രീ യു.കെ അൻവർ എം ബുക്ക് - 153/2023 കരാർ - 5/AE/LSGD/PMKY/21-22/03.08.2021 എസ്റ്റിമേറ്റ് നമ്പർ 2021/2990 PAC : 326697.66 ചെലവ് തുക : 350000/- ബിൽ നമ്പർ - 24151752037500387324/ 09.07.2024 Duration 6 Month (As Per TS Slip 98259/2021-22 Dated 19.02.2021)	03.08.21	02.02.22 വരെ	31.05.2023	03.02.2022 മുതൽ 02.05.2022 വരെ **3266.97** രൂപ (326697.66*1%*) 03.05.2022 മുതൽ 02.08.2022 വരെ **6533.95** രൂപ (326697.66*2%*) 03.08.2022 മുതൽ 02.11.2022 വരെ **6533.95** രൂപ (326697.66*2%*) 03.11.2022 മുതൽ 02.02.2023 വരെ **6533.95** രൂപ (326697.66*2%*) 03.02.2023 മുതൽ 02.05.2023 വരെ **6533.95** രൂപ (326697.66*2%*) 03.05.2023 മുതൽ 31.05.2023 വരെ **2059.61** രൂപ (326697.66*2%*29/92) ---------- **31462.42~ 31462** രൂപ (03.02.2022 മുതൽ 31.05.2023 വരെ)

2	173/25 തോടുകളുടെ സംരക്ഷണം അടങ്കൽ തുക 16,01,200 ഫണ്ട് - ധനകാര്യകമ്മീഷൻ അവാർഡ് കരാറുകാരൻ - ശ്രീ ബുർഹാനുൽ ഹഖ് എം ബുക്ക് - 86 /21-22 കരാർ - 36/AE/LSGD/PMKY/21-22/29.12.2021 PAC : 1113035.15/- ചെലവ് തുക :12,74,082/- ബിൽ നമ്പർ - 21151752037501497440/ 27.03.2022 (733581)(21-22)(PART BILL) ബിൽ നമ്പർ - 24151752037500387320/09.07.2024 (540501)(24-25)(Final BILL) Duration – 8 Month(As Per TS Slip 62877/2021-22 Dated 05.12.2021	29.12.21	28.08.2022	19.05.2023	29.08.2022 മുതൽ 28.11.2022 വരെ **11130.35** രൂപ (1113035.15*1%*) 29.11.2022 മുതൽ 28.02.2023 വരെ **22260.7** രൂപ (1113035.15*2%*) 01.03.2023 മുതൽ 19.05.2023 വരെ **19357.13** രൂപ (1113035.15*2%*80/92) ---------- **52748.18 രൂപ**

പിഴ ഈടാക്കാത്തതിന് വ്യക്തമായ കാരണം ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ, പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടിക്കൊടുത്തുകൊണ്ടുള്ള ഭരണ സമിതി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതും അല്ലാത്തു പക്ഷം. പിഴ ഈടാക്കി രശീതി സഹിതം പരിശോധനക്കായി ഹാജരാക്കേണ്ടതുമാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (31 /24-25/ 16.08.2025) 2022 മെയ് മാസത്തിൽ മഴ ആയതിനാൽ 2023 മെയ് മാസത്തിലാണ് പ്രവൃത്തി എടുക്കാൻ സാധിച്ചതെന്നും ഇക്കാര്യം ഭരണ സമിതിക്ക് അറിയാമായിരുന്നെന്നും എന്നാൽ കാലാവധി നീട്ടുന്നത് സംബന്ധിച്ച് ഭരണ സമിതി തീരുമാനം എടുത്തിട്ടില്ലെന്നും അറിയിച്ചു . കുരാറുകാരന്റേതല്ലാത്ത കാരണം ആയതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കാത്തത് പഞ്ചായത്ത് ഭരണസമിതി സാധൂകരണം ചെയ്ത് തീരുമാനം ഹാജരാക്കുന്നതാണെന്ന മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ കാലാവധി അവസാനിക്കുന്നതിനു മുൻപെ ദീർഘീകരണത്തിനായുള്ള അപേക്ഷ നൽകി മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നിരിക്കെ പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം സാധൂകരണം നൽകുന്നത് ക്രമ പ്രകാരമുള്ള നടപടിയല്ല. തുക അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-28 ഹരിത സഹായ സ്ഥാപനത്തിന് ധന സഹായം - അപാകതകൾ

പ്രൊജക്ട് നമ്പർ	അടങ്കൽ	ചെലവ്	ബിൽ/വൗച്ചർ നമ്പർ
198/25(SO)-ഹരിത	120838(CFC)	120838(CFC)	24151752037700690218/23.09.2024 RS 120838

സഹായ സ്ഥാപനത്തിന് ധന സഹായം	33966(തനത് ഫണ്ട്)	23359(തനത് ഫണ്ട്)	22400452 Dtd 3.10.2024 RS 23359
ആകെ		144197	

വി.ഇ.ഒ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ഹരിത സഹായ സ്ഥാപനമായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മലപ്പുറത്തിന് മുകളിൽ പറയും പ്രകാരം (23359 രൂപ പ്രതിമാസം) 144197/- രൂപ അനുവദിച്ചിട്ടുണ്ട്. Income Tax Act 1961, Sec.194 ജെ പ്രകാരം സാങ്കേതിക സഹായത്തിൻമേൽ അനുവദിക്കുന്ന തുകയിൽ നിന്നും 2% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്. എന്നാൽ ആദായ നികുതി കുറവ് ചെയ്തിട്ടില്ല.ഇത് സംബന്ധിച്ച 37/19.08.2025-ാം നമ്പർ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2% TDS ഈടാക്കി അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-29 ഫലവൃക്ഷതൈ വിതരണം -അപാകത.

പ്രൊജക്ട്/അടങ്കൽ	ഇൻവോയ്സ് നമ്പർ/ തുക	ചെലവ്.
103/25-ഫലവൃക്ഷതൈ വിതരണം/ വികസന ഫണ്ട് ജനറൽ-123750 ബി.സി- 41250	1.TIR/281/2024-25 Dtd 24.02.2025 RS 27500(50X550) 2.TIR/247/2024-25 Dtd 14.01.2025 RS 137500(250X550)	1.241517520380014744 95 Dtd 10.03.25 RS 103125 2.1.241517520380015065 77 Dtd 12.03.25 RS 20625 3. 22401121/27.03.2025 RS-41250

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം മാവ്, അബിയു എന്നിവ അടങ്ങിയ 300 കിറ്റുകൾ (550 രൂപ/കിറ്റ്) 75% സബ്സിഡി നിരക്കിൽ RAIDCO, കണ്ണൂരിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റലിൽ ഉൾപ്പെട്ട കർഷകർക്ക് മാവ്, അബിയു എന്നിവ അടങ്ങിയ കിറ്റ് 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. 2024-25 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/ തസ്വഭവ തീയതി. 28.05.2022 ഖ. 6.1.5 പ്രകാരം ഫലവൃക്ഷ തൈകൾ 75% സബ്സിഡി ഇനത്തിൽ നൽകാൻ അനുമതിയുള്ളതും, ആയതിന്റെ അനുവദനീയമായ യൂണിറ്റ്കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കണമെന്ന് നിർദ്ദേശമുള്ളതുമാണ്.
2022-23 ലെ മലപ്പുറം ജില്ലാ തല യൂണിറ്റ് കോസ്റ്റുകൾ നിശ്ചയിച്ചുകൊണ്ടുള്ള 03.11.2022 ലെ 1212/2022-23/DPC/DPO/MPM നമ്പർ ജില്ലാ ആസൂത്രണ സമിതി മീറ്റിംഗ് മിനുട്ട്സ് പ്രകാരം 1-2 Feet Height ഉള്ള മാവിന് 75 രൂപയും 3-4 Feet Height ഉള്ള മാവിന് 150 രൂപയുമാണ് കോസ്റ്റ്. 5.03.2024ന് ചേർന്ന യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതല സാങ്കേതിക വിദഗ്ധസമിതി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ പ്രകാരം അബിയു ”8x10 കവർ സൈസിന് 550 രൂപയും 10x12 കവർ സൈസിന് 600 രൂപയുമാണ് വില നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ RAIDCO ലഭ്യമാക്കിയ ഇൻവോയ്സിൽ തൈകളുടെ പ്രായം, Specification തുടങ്ങിയവ വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറി നമ്പർ 39/20.08.2025ന് മറുപടിയായി തൈകൾ കണ്ട് ബോധ്യപ്പെട്ടതിനാൽ ഇൻവോയ്സിൽ Specification നൽകാത്തത് ശ്രദ്ധിച്ചില്ല എന്നും മേലിൽ ശ്രദ്ധിക്കുന്നതാണെന്നും

അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്ത തൈകളുടെ വില, Specification എന്നിവ വിശദമാക്കേണ്ടതും യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് നൽകിയ പക്ഷം തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-30 എസ്.എസ്.കെ. വിഹിതം നൽകി- വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടു പ്രകാരം 10,00,000/- രൂപ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ സമഗ്രശിക്ഷാ, കേരളക്ക് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേരും നമ്പരും	ചെലവ് തുക	ബിൽ റഫറൻസ് നമ്പർ/ തിയതി
എസ് എസ് കെ വിഹിതം അടവാക്കൽ പ്രോജക്ട് നം. 74/25 ഫണ്ടിനം- വികസന ഫണ്ട്	700000	24151752006101071013/ 20.12.2024

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന പദ്ധതികളിൽ തദ്ദേശ ഭരണസ്ഥാപന ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണമെന്നും മേൽ ഉത്തരവിൽ നിർദ്ദേശമുള്ളതാണ്.

ഗ്രാമ പഞ്ചായത്ത് കൈമാറിയ തുക പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ക്കൂളുകളിൽ ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം മേലുത്തരവിന്റെയടിസ്ഥാനത്തിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ഫയലിൽ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഓരോ സ്ക്കൂളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ / പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാകുന്നില്ല. ഗ്രാമ പഞ്ചായത്ത് ഭാരവാഹികളുടെ ഇടപെടലോ പങ്കാളിത്തമോ പ്രോജക്ട് നിർവ്വഹണത്തിൽ ഉണ്ടായതായുള്ള വിവരവും ലഭ്യമല്ല. എസ്. എസ്.കെ നടപ്പിലാക്കുന്ന പദ്ധതികളുടെ മുഴുവൻ തുകയും സ്ക്കൂളുകൾക്ക് നേരിട്ടല്ല കൈമാറുന്നത് എന്നതിനാൽ

സ്ക്കൂളുകൾ തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം തയ്യാറാക്കുന്നത് പ്രായോഗികമല്ല എന്നാണ് എസ്.എസ്.കെ പ്രോജക്ട് ഓഫീസർ 11.6.2025 ന് ലഭ്യമാക്കിയ A-1649/25/SSK നമ്പറിലുള്ള വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം അറിയിച്ചിട്ടുള്ളത്.

ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. മലപ്പുറം 18.06. 2024 ലെ സി/1646//2024/ എസ്.എസ്.കെ./ എം.പി.എം. നമ്പർ കത്തു പ്രകാരം അറിയിച്ച ഗ്രാമ പഞ്ചായത്തിനുള്ള വിഹിതം നിശ്ചയിച്ചു കൊണ്ടുള്ള " LSG PLAN AND SHARE AS PER APPROVED AWPB 2024-25 " പ്രകാരം Financial Target 29,73,013 രൂപയും, അതിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകേണ്ടിയിരുന്നത് 11,89,205 രൂപയുമായിരുന്നു. എന്നാൽ 7 ലക്ഷം രൂപ മാത്രമാണ് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് വിഹിതം മുഴുവൻ നൽകിയിട്ടില്ലെങ്കിലും, ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. മലപ്പുറം 11.06. 2025 ലെ No.A-1649/25/SSK നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യ പത്രത്തിൽ, Financial Target ആയ 29,73,013 രൂപയും വിനിയോഗിച്ചതായി കാണിച്ചിരിക്കുന്നു. ഗ്രാമ പഞ്ചായത്ത് മുഴുവൻ വിഹിതവും നൽകാതെ Target തുകയായ 45,27,246 രൂപ ചെലവഴിക്കാനായത് എങ്ങിനെയെന്ന് വ്യക്തമല്ല. ഇക്കാരണത്താൽ ഗ്രാമ പഞ്ചായത്ത് നൽകിയ തുകയുടെ വിനിയോഗം ഉറപ്പ് വരുത്താൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള സ്ക്കൂളുകളിൽ ഏതെല്ലാം വിധത്തിൽ ഫണ്ട് വിനിയോഗിച്ചുവെന്നുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ.യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. വിശദമായ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 700000 രൂപ തടസ്സം ചെയ്യുന്നു.
(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ-4/2024-25/11.8.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

1-31 ജലനിധി പദ്ധതി- വൻ കുടിശ്ശിക ഗ്രാമ പഞ്ചായത്തിന് ബാധ്യതയാകുന്നു.

2024-25 വർഷത്തിൽ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിലെ നിലപ്പറമ്പ് ,പെരുമണ്ണ നോർത്ത് & സൗത്ത് എന്നീ ജലനിധി ബൾക്ക് വാട്ടർ സപ്ലൈ കണക്ഷനുകളിൽ നിന്നുള്ള വാട്ടർ ചാർജ് ഇനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള ജല അതോറിറ്റി പി എച്ച് സബ്ഡിവിഷൻ ,തിരൂർ ന് താഴെ പറയും പ്രകാരം തുക തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

വൗച്ചർ നം./തീയ്യതി	വിനിയോഗിച്ച തുക	റിമാർക്സ്
22400114/30.5.2024	6,07,405	3/24 ലെ വാട്ടർ ചാർജ്
22400183/19.6.2024	5,94,016	4/24 ലെ വാട്ടർ ചാർജ്
22400276/27.7.2024	4,05,570	5/24 ലെ വാട്ടർ ചാർജ്
22400347/4.9.2024	3,55,146	6/24 ലെ വാട്ടർ ചാർജ്
22400427/25.9.2024	4,90,988	7/24 ലെ വാട്ടർ ചാർജ്
22400458/11.10.2024	4,49,920	8/24 ലെ വാട്ടർ ചാർജ്
22400566/20.11.2024	5,72,094	9/24 ലെ വാട്ടർ ചാർജ്
22400604/6.12.2024	2,80,247	10/24 ലെ വാട്ടർ ചാർജ്
22400709/6.12.2024	3,18,689	11/24 ലെ വാട്ടർ ചാർജ്

22400800/15.1.2025	3,23,526	12/24 ലെ വാട്ടർ ചാർജ്
22400915/15.2.2025	4,26,602	1/25 ലെ വാട്ടർ ചാർജ്
22401089/23.3.2025	5,34,450	2/25 ലെ വാട്ടർ ചാർജ്
ആകെ	**53,58,653**	

പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ ഉണ്ടാക്കിയ കരാർ (നം.PKLRI/KWA/NO.01/2019-20 തീ. 15.02.2020) പ്രകാരം ലോകബാങ്ക് എയ്ഡഡ് ജലനിധി പദ്ധതി ഫേസ് II ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു. Rehabilitation Of Multi GP KWA Scheme CWSS പ്രകാരം കേരള വാട്ടർ അതോറിറ്റി ജലം നൽകുകയും ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും വേണം. പദ്ധതി നടപ്പാക്കുന്നതിന്റെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനാണ്. ഒരോ മാസവും 10-ാം തീയ്യതിക്ക് മുൻപായി ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡിംഗ് പ്രകാരമുള്ള തുക വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കണം . അടവാക്കാൻ വൈകുന്നപക്ഷം 2% പിഴ ചുമത്തപ്പെടുന്നതാണ്. നിലവിൽ 16.62/KL നിരക്കിലാണ് വെള്ളം വിതരണം നടത്തുന്നത് . തുടർച്ചയായി രണ്ടുമാസത്തിലധികം തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയാൽ തുക ഗ്രാമപഞ്ചായത്തിൽ നിന്നും ഈടാക്കുവാൻ വാട്ടർ അതോറിറ്റിക്ക് തദ്ദേശ ഭരണവകുപ്പിനെ സമീപിക്കാവുന്നതുമാണ്.

പദ്ധതിയുടെ നടത്തിപ്പിനായി ഗുണഭോക്താക്കളുടെ സ്ക്കീം ലവൽ എക്സിക്യൂട്ടീവ് കമ്മിറ്റി (എസ്.എൽ.ഇ.സി.) രൂപീകരിച്ചിട്ടുണ്ട്. എസ് എൽ ഇ സി കൺവീനറും ഗ്രാമപഞ്ചായത്തും തമ്മിൽ 27.03.2020 ന് ഒപ്പുവെച്ച എഗ്രിമെന്റ് പ്രകാരം (നം.10/2019-20) ഗുണഭോക്താക്കളിൽ നിന്നും മീറ്റർ റീഡിംഗ് പ്രകാരമുള്ള തുക പിരിച്ച് ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടത് എസ് എൽ .ഇ .സി. യുടെ ഉത്തരവാദിത്വമാണ്. ജലവിതരണം സംബന്ധിച്ച് ഗുണഭോക്താക്കളുടെ കൺസ്യൂമർ നമ്പർ, കെട്ടിടനമ്പർ , മീറ്റർ നമ്പർ, മീറ്റർ റീഡിംഗ് വിവരം എന്നിവ സൂക്ഷിക്കുന്നത് സ്ക്കീം ലെവൽ കമ്മറ്റിയാണ്. കമ്മറ്റിയുടെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനോടാണ്.

ഇതിനു പുറമെ, ടാങ്ക് നിലകൊള്ളുന്ന റാപ്പിഡ് റെസ്പോൺസ് & റെസ്ക്യൂ ഫോഴ്സ്, ക്ലാരിയുടെ മേധാവിയും പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ചമച്ച 08.01.2016 ലെ കരാർ പ്രകാരം ടാങ്ക് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റാപ്പിഡ് റെസ്പോൺസ് & റെസ്ക്യൂ ഫോഴ്സിൽ നിലനിർത്തികൊണ്ട് ക്യാമ്പിലേക്ക് ആവശ്യമായ വെള്ളം ഉപയോഗിക്കാൻ അനുവദിക്കുന്നതിനും വെള്ളക്കരം ഗ്രാമപഞ്ചായത്ത് വഹിക്കുന്നതിനും തീരുമാനമായിട്ടുള്ളതാണ്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തുക വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കേണ്ട ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനാണ് . എസ് എൽ ഇ സി യും ഗ്രാമപഞ്ചായത്തും തമ്മിലുള്ള എഗ്രിമെന്റ് പ്രകാരം ഗുണഭോക്താക്കളിൽ നിന്നും തുക കളക്ട് ചെയ്ത് ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ട ഉത്തരവാദിത്വം എസ്.എൽ. ഇ.സി.ക്കാണ്. ഗുണഭോക്താക്കളിൽ നിന്നും മീറ്റർ റീഡിംഗ് പ്രകാരമുള്ള വാട്ടർ ചാർജ് കൃത്യമായി പിരിച്ചെടുക്കുന്നതിൽ എസ്.എൽ ഇ സി വീഴ്ച വരുത്തിയോയെന്നും പിരിച്ചെടുക്കുന്ന പണം മുഴുവനായും ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്നുണ്ടോ എന്നും പരിശോധിക്കുകയോ എസ്.എൽ.ഇ.സി.യുടെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയോ ചെയ്തിട്ടില്ല.

2) വാട്ടർ അതോറിറ്റി നിലപ്പറമ്പ് ,പെരുമണ്ണ നോർത്ത് & സൗത്ത് എന്നീ ജലനിധി ബൾക്ക് വാട്ടർ സപ്ലൈ കണക്ഷനുകളിൽ നിന്നുള്ള പ്രതിമാസ ബില്ലിൽ നിന്നും തൻമാസ തുക മുഴുവനായോ ഭാഗികമായോ മാത്രമായാണ് ഓരോ മാസവും

അടവാക്കുന്നത്. ഓരോ ബില്ലിലും നാളിതു വരെയുള്ള കുടിശ്ശിക, ഫൈൻ എന്നിവ രേഖപ്പെടുത്തിയാണ് വാട്ടർ അതോറിറ്റി നൽകുന്നത് . എന്നാൽ ആയത് പൂർണ്ണമായി അടവാക്കുന്നില്ല. ഇക്കാരണത്താൽ നാളിതു വരെയുള്ള കുടിശ്ശികയും ഫൈനും ചേർന്ന് വൻ തുക കുടിശ്ശിക വന്നിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 5.4.2025 ലെ 2496 നമ്പർ ബിൽ പ്രകാരം നോർത്ത് & സൗത്ത് പദ്ധതിയിൽ 84,24,789 രൂപയും 2495/ 5.4.25 നമ്പർ ബിൽ പ്രകാരം നിലപറമ്പ് പദ്ധതിയിൽ 24,96,266 രൂപയും കുടിശ്ശികയുള്ളതായി കാണിച്ചിട്ടുണ്ട്. രണ്ട് പദ്ധതിയിലുമായി നിലവിൽ 1,09,21,055 രൂപ കുടിശ്ശികയുണ്ട്.

3) ഭീമമായ കുടിശ്ശിക വരാനുണ്ടായ കാരണം/ സാഹചര്യം വ്യക്തമല്ല.

4. കുടിശ്ശിക അടവാക്കാതിരിക്കാനുള്ള സാഹചര്യമോ ഗ്രാമ പഞ്ചായത്തിന്റെ തീരുമാനങ്ങളോ വാട്ടർ അതോറിറ്റിയെ ബോധ്യപ്പെടുത്തിയതിന്റെ വിവരം ഓഡിറ്റിനു ലഭ്യമായ ഫയലുകളിൽ ഇല്ല.

കുടിശ്ശിക ഒഴിവാക്കി നൽകുന്നതിൽ വാട്ടർ അതോറിറ്റിയിൽ നിന്നും അനുകൂലമായ തീരുമാനങ്ങളൊന്നും വന്നിട്ടില്ലാത്തതിനാൽ കുടിശ്ശിക ഗ്രാമ പഞ്ചായത്തിന്റെ ബാധ്യതയായി നിലനിൽക്കുകയാണ്. ഭീമമായ തുക കുടിശ്ശികയുള്ളത് കാരണം ഭാവിയിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതായ പൊതു ഉദ്ദേശ്യ ഗ്രാന്റിൽ നിന്നോ മെയിന്റനൻസ് ഗ്രാന്റിൽ നിന്നോ ടി തുക ഈടാക്കുന്ന സ്ഥിതി വിശേഷം സംജാതമാകുന്നതിന് കാരണമാകാം. ഇത് ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറയെ തകർക്കുന്നതും നിലവിലുള്ള വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതുമാണ്.

ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ- 32/19.8.2025 ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഇക്കാര്യത്തിലുണ്ടാവേണ്ടതും കുടിശ്ശിക ബാധ്യത ഒഴിവാക്കുന്നതിന് യുക്തമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-32 ആശുപത്രി മാനേജിംഗ് കമ്മിറ്റി- വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പെരുമണ്ണക്ലാരി കുടുംബാരോഗ്യ കേന്ദ്രം- ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2019-20 മുതൽ 2024-25 വരെയുള്ള വാർഷിക കണക്കുകൾ നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകൾ ലഭ്യമാക്കാത്തതിനാൽ ടി-വർഷങ്ങളിലെ ഓഡിറ്റ് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ കൂടെ എച്ച്.എം.സി. ഓഡിറ്റ് കൂടി നടത്തേണ്ടതുള്ളതിനാൽ മേൽ വർഷങ്ങളിലെ വാർഷിക കണക്കുകൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ- 10/2024-25/ 14.8.2025 ന് ക്ലാർക്ക് മെഡിക്കൽ സംബന്ധമായ ലീവിലായതിനാൽ ഇപ്പോൾ ഗ്രാമ പഞ്ചായത്തിന്റെ ഓഡിറ്റ് നടത്തുന്ന സമയത്ത് രേഖകളും ഫയലുകളും ഹാജരാക്കാൻ പ്രയാസമുണ്ടെന്നും ഓഡിറ്റ് കാര്യാലയത്തിൽ നിന്നും അറിയിക്കുന്ന മുറയ്ക്ക് മറ്റൊരു ദിവസം ഫയലുകൾ ഹാജരാക്കുന്നതാണെന്നും 14.8.2025 ലെ 435/2025 നമ്പർ കത്തിൽ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി.

ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2019-20 മുതൽ നാളിതുവരെയുള്ള കാലയളവിലെ വാർഷിക കണക്കുകൾ താമസം കൂടാതെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-33 കുടുംബാരോഗ്യ കേന്ദ്രം- കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല.

പെരുമണ്ണക്ലാരി കുടുംബാരോഗ്യ കേന്ദ്രം നിലവിൽ പ്രവർത്തിക്കുന്നത് ശ്രീ. മുഹമ്മദ്കുട്ടി ചേരിങ്ങൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 5/11A നമ്പരിലുള്ള വാടകക്കെട്ടിടത്തിലാണ്. 15.3.2025 മുതൽ പ്രതിമാസം 18190 - രൂപ പ്രതിമാസ വാടക നൽകുന്നുണ്ട്. FHC ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വർഷങ്ങൾക്ക് മുമ്പ് തന്നെ നടപടികൾ ആരംഭിച്ചിരുന്നു. നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) മുഖേനയാണ് നിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത് . ആയതിന് 1,68,17,850 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എൻ.എച്ച്.എം. 1,43,00000 രൂപ കെട്ടിട നിർമ്മാണത്തിന് വകയിരുത്തിയിട്ടുണ്ട്. ബാക്കി 25,17,850 രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തി എൻ.എച്ച്.എം. അക്കൗണ്ടിലേക്ക് നൽകുന്നതിന് 26.6.2024 ലെ 20/1 നമ്പർ തീരുമാനം ഭരണ സമിതി എടുത്തിട്ടുണ്ട്. എന്നാൽ തനത് ഫണ്ടിൽ നിന്നും വിഹിതം നൽകുന്നതിന് 2024-25 ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും വിഹിതം നൽകിയിട്ടില്ല. HLL Life Care Ltd എന്ന സ്ഥാപനത്തെയാണ് നിർമ്മാണം ഏൽപിച്ചിട്ടുള്ളത്. നിലവിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി / പുരോഗതി വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ- 26/2024-25/ 18.8.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
നിർമ്മാണ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

1-34 ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

ക്ലാരിതോട്, നിളതോട് പ്രൊട്ടക്ഷന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി , എടരിക്കോട് സെക്ഷന് വൗച്ചർ നമ്പർ- 22400039/23.4.2024 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തനത് ഫണ്ടിൽ നിന്നും 81,177 രൂപ കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി.യിൽ നിന്നും പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ- 27/18.8.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കെ.എസ്.ഇ.ബി.യിൽ നിന്നും പ്രസ്തുത പ്രവർത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരണ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 81,177 രൂപ തടസ്സം ചെയ്യുന്നു.

1-35 സ്മാർട്ട് അങ്കണവാടികൾ-അപാകത.

പ്രോജക്ട്	അടങ്കൽ	ചെലവ്	ബിൽ/വൗച്ചർ നമ്പർ
165/25(S.O) സ്മാർട്ട് അങ്കണവാടികൾ	1093750/- (നോൺ റോഡ്)	946620/- (നോൺ റോഡ്)	1)24151752037800207886 Dtd 16-05-2024 RS 364538 2)24151752037800208281 Dtd 16-05-2024 RS 317665 3)24151752037800208274 Dtd 16-05-2024 RS 264417

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം അങ്കണവാടികളിൽ Baby Friendly Painting, Kids Playing Mat സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കും അങ്കണവാടികൾക്ക് ഫർണ്ണിച്ചർ ലഭ്യമാക്കുന്നതിനും ARTCO കോഴിക്കോടിന് മുകളിൽ കൊടുത്തിട്ടുള്ളതു പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ടി പ്രൊജക്ടിൽ ഇൻവോയ്സ് നമ്പർ-KKD 980/25.03.24 പ്രകാരം Kids Playing Mat സ്ഥാപിക്കൽ എന്നീ പ്രവൃത്തി 214.751 M2 അളവിൽ ചെയ്തതിന് ചതുരശ്ര മിറ്ററിന് 1043.45 രൂപ നിരക്കിൽ 224082 രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ഏതെല്ലാം അങ്കണവാടികളിൽ എത്ര അളവിൽ മാറ്റ് വിരിച്ചുവെന്ന് സാക്ഷ്യപത്രമില്ല. സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥരാരും പ്രവൃത്തി അളവെടുത്ത് മൂല്യനിർണ്ണയം ചെയ്തിട്ടുമില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറി 40/2024-25/20.08.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഏതെല്ലാം അങ്കണവാടികളിൽ എത്ര അളവിൽ മാറ്റ് വിരിച്ചുവെന്ന വിവരം, മൂല്യനിർണ്ണയ വിവരം എന്നിവ അറിയിക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 224082/- രൂപ തടസ്സം ചെയ്യുന്നു.

1-36 ഓണം മുൻകൂർ തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

വൗച്ചർ നമ്പർ 22400384/11.9.2024 പ്രകാരം 160000 രൂപ ജീവനക്കാർക്ക് 2024-25 വർഷത്തിൽ ഓണം മുൻകൂർ നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് വിവരങ്ങളൊന്നും തന്നെ മുൻകൂർ റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മുൻകൂർ കൈപറ്റിയ ജീവനക്കാർ പ്രസ്തുത തുക പൂർണ്ണമായി തിരിച്ചടച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല. ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ പ്രകാരം ഓണം മുൻകൂർ ഇനത്തിൽ 20000 രൂപ തിരികെ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻകൃയറി നമ്പർ- 15/2024-25/16.8.2025 നൽകുകയും 20000 രൂപ തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കാനും അല്ലാത്തപക്ഷം മുൻകൂർ കൈപറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കാതിരിക്കുന്നതിന് കാരണം വ്യക്തമാക്കാനും ആവശ്യപ്പെട്ടിരുന്നു. ആയതിന് മുൻകൂർ റജിസ്റ്റർ കാലികമാക്കി മുൻകൂർ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അല്ലാത്തപക്ഷം മുൻകൂർ പലിശസഹിതം തിരികെ ഈടാക്കിയതിന്റെ വിവരവും അറിയിക്കേണ്ടതാണ്.

1-37 ഗ്രാമ പഞ്ചായത്ത് പഴയ വാഹനം ലേലം ചെയ്തിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് നമ്പർ- 233/25 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക യാത്രക്ക് പുതിയ വാഹനം- Mahindra Bolero Jeep 1282071 രൂപ (ടാക്സ് ഉൾപ്പെടെ) ചെലവഴിച്ച് Gem മുഖേന വാങ്ങിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ നിലവിലുണ്ടായിരുന്ന KL 55 K-6855 നമ്പർ Jeep ലേലം ചെയ്തതിന്റെ വിവരം ലഭ്യമായിട്ടില്ല.

മേൽ വാഹനം ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലേലം ചെയ്തിട്ടില്ലെങ്കിൽ വാഹനത്തിന്റെ നിലവിലെ സ്ഥിതി വിവരവും അറിയിക്കുന്നതിന് ഓഡിറ്റ് എൻകൃയറി നമ്പർ- 35/ 2024-25/19.8.2025 നൽകിയിരുന്നു. ആയതിനുള്ള മറുപടിയിൽ വാഹനം ആദായകരമല്ലാത്തതിനാൽ നിരാകരണത്തിനായി ലേലം ചെയ്യുന്ന അനുമതിക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അനുമതി ലഭ്യമാകുന്നമുറയ്ക്ക് ലേല നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടി വിവരവും വാഹനത്തിന്റെ നിലവിലെ സ്ഥിതി വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-38 പരിരക്ഷാ പാലിയേറ്റീവ് കെയർ-വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല

മെഡിക്കൽ ഓഫീസർ (എഫ് .എച്ച്. സി)നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പരിരക്ഷാ പാലിയേറ്റീവ് കെയർ (12/25) എന്ന പ്രോജക്ടിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി ദിവസ വാടക 1100 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 218900 രൂപ കരാറുകാരനായ ശ്രീ. നാരായണൻ നായർ ചെറുകുടിലിൽ എന്നവർ കൈപറ്റിയിട്ടുണ്ട്. ഒരു കരാർ പ്രകാരം അനുവദിക്കുന്ന വാടക തുക ഒറ്റത്തവണ 30,000/- രൂപയ്ക്ക് മുകളിൽ ആണെങ്കിലോ / ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ ആണെങ്കിലോ Income Tax Act , Sec. 194 C പ്രകാരം, അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമായിരുന്നു. എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ റഫറൻസ് നം/തീയ്യതി	വാഹന വാടക നൽകിയത്	കാലയളവ്/ നിരക്ക്
241517520376003562 10/ 2.7.2024	20900	4/24 ൽ 19 ദിവസത്തേക്ക് @1100/-
241517520376003562 13/ 2.7.2024	19800	5/24 ൽ 18 ദിവസത്തേക്ക് @1100/-
വൗച്ചർ നം. 22400350/4.9.2024 (തനത് ഫണ്ടിൽ നിന്നും നൽകി)	19800	6/24 ൽ 18 ദിവസത്തേക്ക് @1100/-
വൗച്ചർ നം. 22400431/1.10.2024 (തനത് ഫണ്ടിൽ നിന്നും നൽകി)	30800	7/24 ൽ 21 ദിവസത്തേക്ക് @1100/- 8/24 ൽ 7 ദിവസത്തേക്ക് @1100/-
വൗച്ചർ നം. 22400829/18.1.2025 (തനത് ഫണ്ടിൽ നിന്നും നൽകി)	22000	9/24 ൽ 20 ദിവസത്തേക്ക് @1100/-
241517520376011102 47/ 31.12.2024	19800	10/24 ൽ 18 ദിവസത്തേക്ക് @1100/-

24151752037601450503/ 7.3.2025	44000	11/24 , 12/24 എന്നീ മാസങ്ങളിൽ 20 ദിവസത്തേക്ക് @1100/-
24151752037601571191/ 18.3.2025	41800	1/25 ൽ 20 ദിവസത്തേക്കും 2/25 ൽ 18 ദിവസത്തേക്കും @1100/-
ആകെ	218900	

2190 രൂപ ആദായ നികുതിയിനത്തിൽ കുറവ് ചെയ്യാതെ പണം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ- 20/2024-25/16.8.2025 ന് അറിവില്ലായ്മ കൊണ്ട് സംഭവിച്ചതാണെന്നും 2190 രൂപ മേൽ വ്യക്തിയിൽ നിന്ന് ഈടാക്കി അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
അപാകത മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-39 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കല് തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ 13 വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സുകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിൽ ഒരു യോഗം (24.12.2024) മാത്രമാണ് ചേർന്നിട്ടുള്ളത്. 2025-26 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുക മാത്രമാണ് ടി- യോഗത്തിൽ നടന്നിട്ടുള്ളത്.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ്

റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ കടമകൾ നിർവ്വഹിക്കാത്തത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തുന്നു.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ- 42/2024-25/21.8.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

1-40 ലൈഫ് മിഷൻ പദ്ധതി -ഭവനനിർമാണത്തിന് മാർഗ രേഖയ്ക്കു വിരുദ്ധമായി അധികം തുക നൽകി.

പ്രൊജക്ട് :ലൈഫ് ഭവന പദ്ധതി ജനറൽ വീടും സ്ഥലവും നൽകൽ പട്ടികജാതി- 20/25

ആകെ ചെലവ് 598000/-
ലൈഫ് മിഷൻ പദ്ധതിയിൽ ഭവനനിർമാണത്തിന് ധനസഹായം നൽകാവുന്നത് 4 ലക്ഷം രൂപയാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം ശ്രീമതി ഉഷ ചക്കുമാട്ടിൽ എന്ന ഗുണഭോക്താവിന്(അക്കൗണ്ട് നം 110083086291) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരം 450000 രൂപ അനുവദിച്ചിട്ടുണ്ട് .

ബിൽ/വൗച്ചർ നം.	തീയതി	നൽകിയ തുക
1. 2215175203770955059	27.03.2023	40000/-
2.2315175203770087561	12.05.2023	100000/-
3. 230022	25.07.2023	160000/-
4. 230037	2.11.2023	50000/-
5.241517520377011588 14 തീയതി 10.01.2025	10.01.2025	50000
6. 25151752037700417840	04.08.2025	50000
	ആകെ	450000/-

ടി ഗുണഭോക്താവിന് മാർഗരേഖപ്രകാരം അനുവദനീയതിലും അധികം തുക , അതായത് 50000/- ഈ ഇനത്തിൽ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറി നമ്പർ 38/19.08.2025ന് മറുപടിയായി അധികമായി അനുവദിച്ച തുക തിരികെ ഈടാക്കിയിരുന്നു എന്നും AO+ റീ ഹെഡിൽ അടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
16	80500	80500	0	-

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)
ഇല്ല.

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)
ഇല്ല.

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)
ഇല്ല.

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി

2024-25	2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	പദ്ധതി നം., പേര്	ലഭിച്ച തുക (₹)	ചെലവഴിച്ച തുക (₹)	നീക്കിയിരിപ്പ് (₹)
ബ്ലോക്ക് പഞ്ചായത്ത്	61/2025 - സമഗ്ര നെൽ കൃഷി വികസനം	413030	413030	0
	12/2025 – പരിപക്ഷ പാലിയേറ്റിവ് കെയർ	170602	170602	0
	127/2025 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	720000	720000	0
	30/2025 -ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	87674	87674	0
	ആകെ	**1391306**	**1391306**	**0**
ജില്ലാ പഞ്ചായത്ത്	127/2025 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	120000	120000	0
	ആകെ	**120000**	**120000**	**0**

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	വായ്പയുടെ ഉദ്ദ്യേശ്യം	ഉത്തരവ് നം./ തിയ്യതി	തൻ വർഷം ലഭിച്ച വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി	തൻവർഷം അടച്ചത്		വർഷാവസാനം ബാക്കി
					മുതൽ	പലിശ	

01	ലൈഫ് ഭവന പദ്ധതി ലോൺ	ലഭ്യമല്ല	0	98,65,711	7,84,404	-	90,81,307

കുറിപ്പ് – വാർഷിക കണക്ക് പ്രകാരമുള്ള വിവരമാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4-7 സ്ഥിര നിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	5016280
തൻവർഷം നിക്ഷേപിച്ച തുക (പലിശ)	410016
ആകെ	5426296
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5426296

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക	അക്കൗണ്ട് നമ്പർ
SBI, Edarikode	321242	67395964058
PKSCB	5105054	0030130002151

4-8 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ/ തിയ്യതി
2023-24	എൻകെയറി 25/2023-24	2265	അസിസ്റ്റന്റ് എഞ്ചിനീയർ	1240401097 തീയതി 30.08.2024
2023-24	എൻകെയറി 24/2023-24	3221	അസിസ്റ്റന്റ് എഞ്ചിനീയർ	1240401098 തീയതി 30.08.2024
2023-24	എൻകെയറി 21/2023-24	5169	അസിസ്റ്റന്റ് എഞ്ചിനീയർ	1240401099 തീയതി 30.08.2024
ആകെ		10655		

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2015-16	2(1)	2016-17	അദ്ധ്യായം-2 അനുബന്ധം-5	തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്	നടപടി തുടരുന്നു
2015-16	2(3)	2016-17	-ടി-	റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല.	നടപടി തുടരുന്നു

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഉത്തരവാദി	ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ,	തുക	അവശേഷിക്കുന്ന തുക	റിമാർക്സ്
1	2003-04	3-12,3-13(1),(2), 3-14(2),3-15	ശ്രീ സ്റ്റി ഏജ വർഗ്ഗീസ് സെക്രട്ടറി	LF4520/Spl.Cell/Sc5/09 Dt. 02.05.12	28255	28255	അടവാക്കിയ വിവരം ലഭ്യമല്ല
2	2008-09 2010-11	3-12	ഫ്രാൻസിസ് വർഗ്ഗീസ് അസിസ്റ്റന്റ് എഞ്ചിനീയർ	LF1957/Spl.Cell/C-SC/D1/13 Dt. 24.03.15	21,631	21,631	അടവാക്കിയ വിവരം ലഭ്യമല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	5,87,32,983
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	6,15,70,182
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1005259

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-30	7,00,000	ശ്രീ. പ്രശാന്ത്. സി. പി, സെക്രട്ടറി
1-34	81,177	ശ്രീ. ഫ്രഡി. കെ. എസ്, സെക്രട്ടിറി
1-35	224082	ശ്രീമതി സമീറ മഞ്ഞപ്പുലാൻ, ഐ.സി.ഡി.എസ്. സൂപ്പർ വൈസർ
ആകെ	1005259	

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെട്ടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2001-02	എൽ.എഫ്.എം.15/69/06/17-7-2006	7
2002-03	കെ.എസ്.എ.എം.പി.എം15/2026/22/01-10-2022	1
2003-04	എൽ.എഫ്.എം.11/48/07/24-05-2008	10
2004-05	കെ.എസ്.എ.എം.പി.എം15/2026/22(1)/01-10-2022	5
2005-06	കെ.എസ്.എ.എം.പി.എം15/2524(2)/19/05-02-21	6
2006-07	കെ.എസ്.എ.എം.പി.എം15/2026/22(2)/01-10-2022	1
2007-08	എൽ.എഫ്.എം.15/1722/11/28-10-2011	12
2008-09 മുതൽ 2010-11വരെ	കെ.എസ്.എ.എം.പി.എം1515/2112/2019/18-10-19	5
2011-12, 2012-13	എൽ.എഫ്.എം.15/7/2016 Dtd. 16.02.2016	10
2013-14, 14-15	കെ.എ.എം.പി.എം.15/59/2020(1) Dtd. 05.02.2021	3
2015-16	കെ.എ.എം.പി.എം.15/59/2020(2) Dtd. 05.02.2021	6
2016-17	കെ.എസ്.എ എം.പി.എം 15/1851/2017 Dt. 30.04.2018	16
2017-18	കെ.എസ്.എ എം.പി.എം 15/223/2019 Dt. 01.06.2019	10
2018-19	കെ.എസ്.എ എം.പി.എം 15/6/2020 Dt. 18.04.23	1
2019-20	കെ.എസ്.എ എം.പി.എം 15/3/2022 /18.04.23	6
2020-21	കെ.എസ്.എ എം.പി.എം 15/4/2022/13.09.22	5
2021-22	കെ.എസ്.എ എം.പി.എം 15/2578/202/18.04.23	12

2022-23	കെ.എസ്.എ എം.പി.എം 15/2683/2023/23.02.24	42
2023-24	കെ.എസ്.എ എം.പി.എം 15/1891/2024 തീ. 11.02.25	28

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 13-06-2025 and submitted on 27-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Perumanna Clari Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Perumanna Clari Grama Panchayat as on 31-03-2025

Date: 21/10/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Perumanna Clari Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1) Notes of the secretary on the Annual Financial Statement as required by Rule 62(2)(e) of the Kerala Panchayat Raj Accounts Rules, 2011, Key Annual Ratios as per Rule 62(2)(f), comparative amounts of the previous as per Rule 62(3) are not included in the Annual Financial Statement submitted for audit.
2) The following registers are not to up to date and hence their correctness could not be checked.
(a) Asset Register
(b) Advance Register
3) The amount titled Net increase in cash and cash equivalance in the cash flow statement doesnt match with the amount titled Net cash generated by Operating + Investing + Financing Activity (A+B+C) in the same statement.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്